# കേരള കാർഷിക സർവ്വകലാശാല വിളപരിപാലന നിർദ്ദേശങ്ങൾ

**(ഏപ്രിൽ 16 -ഏപ്രിൽ 22, 2026)**

**(തയ്യാറാക്കിയത്: കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തി - 680651**
**(E-mail: ccmannuthy@kau.in, Phone: 0487-2370773)**

No. C3/4/2026-17 Dt. 13.04.2026

## ഈയാഴ്ചത്തെ പൊതുവായ വിള പരിപാലന നിർദ്ദേശങ്ങൾ

നെല്പാടങ്ങളിൽ ജല ലഭ്യത ഉറപ്പ് വരുത്തുക .വൈകി വിതച്ച പാടങ്ങളിൽ ഇത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ചൂടുകൂടിയ അന്തരീഷസ്ഥിതി തുടരുന്നകാരണം വാഴയിൽ മണ്ഡരി രോഗം കാണാൻ സാധ്യതയുണ്ട് .ഇതിനെ പ്രതിരോധിക്കാനായി 3 ഗ്രാം വെറ്റബിൾ സൾഫർ ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക .വാഴകൾക്ക് താങ്ങുകാലുകൾ നൽകുക. ഉയർന്ന താപനില തുടരുന്നതിനാൽ വഴുതനയിൽ വെള്ളീച്ചയുടെ ആക്രമണം കാണാൻ സാധ്യതയുണ്ട് .ഇത് നിയന്ത്രിക്കുന്നതിനായി രണ്ടു ശതമാനം വീര്യമുള്ള വേപ്പണ്ണ വെളുത്തുള്ളി എമൾഷൻ തളിക്കുക .അല്ലെങ്കിൽ *ലെക്കാനീസീലിയം ലെക്കാനീ* എന്ന മിത്രകുമിൾ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ പത്തു ദിവസം ഇടവിട്ട് തളിക്കുക.

വേനൽമഴ കിട്ടിത്തുടങ്ങിയാൽ തെങ്ങിൻ തൈ നട്ട് തുടങ്ങാവുന്നതാണ്. തവാരണകളിൽ തയ്യാറാക്കിയ തൈകളെ തിരഞ്ഞെടുക്കുന്നതിന് പ്രത്യേക ശ്രദ്ധ ആവശ്യമാണ്. 9 മുതൽ 12 മാസം വരെ പ്രായമായ നല്ല ആരോഗ്യമുള്ളതും രോഗബാധ ഇല്ലാത്തതുമായ തൈകളാണ് തിരഞ്ഞെടുക്കേ ത്. ഒൻപത് മാസം പ്രായമായ തെങ്ങിൻ തൈകളിൽ ചുരുങ്ങിയത് 4 ഓലകളെങ്കിലും ഉ ായിരിക്കണം. നേരത്തെ മുളച്ചതും നേരത്തെ ഓലക്കാൽ വിരിഞ്ഞതുമായ തൈകൾ വേണം നടാൻ തിരഞ്ഞെടുക്കേ ത്. ഒരു മീറ്റർ നീളവും വീതിയും ആഴവുമുള്ള കുഴികൾ വേണം എടുക്കാൻ. മൂന്നിലൊന്ന് ആഴത്തിൽ വളക്കൂറുള്ള മേൽമണ്ണ് കൊ ് കൂന കൂട്ടിയതിന് ശേഷം കൂനയുടെ നടുവിൽ കുഴിയെടുത്ത് തൈകൾ നടാം. നടുമ്പോൾ തൊ ു മാത്രം മണ്ണിനടിയിൽ ആയാൽ മതി. മഴക്കാലത്തിനു മുമ്പ് ഒരു ശതമാനം വീര്യമുള്ള ബോർഡോമിശ്രിതം തളിക്കുന്നതു വഴി കൂമ്പു ചീയൽ, ഓലചീയൽ എന്നീ രോഗങ്ങളെ പ്രതിരോധിക്കാൻ കഴിയും.

കമുകിൻ തോട്ടങ്ങളിൽ മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ കുമ്മായം ഇടണം. ഒരു മരത്തിന് 500 ഗ്രാം എന്ന തോതിൽ കുമ്മായം ചേർത്തു കൊടുക്കണം. മണൽ പ്രദേശങ്ങളിൽ വേരുതീനിപ്പുഴുക്കളുടെ ശല്യം രൂക്ഷമായി ഉ ാകുകയാണെങ്കിൽ വേപ്പിൻപിണ്ണാക്ക് ഇട്ടു കൊടുത്താൽ മതിയാകും.

പുഴുവില്ലാത്ത മാമ്പഴത്തിനായി ഒരു ബക്കറ്റ് തിളച്ച വെള്ളവും, മുക്കാൽ ബക്കറ്റ് സാധാരണ ഊഷ്മാവിൽ ഉള്ള വെള്ളവും കൂട്ടി ചേർത്ത് ലിറ്ററിന് 1 ഗ്രാം വീതം കറിയുപ്പും ചേർത്തശേഷം മാമ്പഴമിട്ട് 15 മിനിട്ടു നേരം വെക്കുക. അതിന് ശേഷം ഈ മാങ്ങ പുറത്തെടുത്ത് വെള്ളത്തിൽ കഴുകി തുടച്ചതിനുശേഷം പാക്ക് ചെയ്യുകയോ, പഴുപ്പിക്കാൻ വെയ്ക്കുകയോ ചെയ്താൽ പുഴുവില്ലാത്ത മാമ്പഴം ഭക്ഷിക്കാം.

## അറിയിപ്പ്

- കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ കാർഷിക പ്രസിദ്ധീകരണങ്ങളും, കല്പധേനു എന്ന കാർഷിക സർവ്വ കലാശാലയുടെ ത്രൈമാസിക പ്രസിദ്ധീകരണവും വില്പനയ്ക്കുണ്ട്.

  ബന്ധപ്പെടേണ്ട ഫോൺ നമ്പർ : **8547070773**, 0487 – 2370773

- കേരള കാർഷിക സർവകലാശാലയുടെ പബ്ളിക്കേഷനുകൾ ഇപ്പോൾ ഓൺലൈൻ പ്ലാറ്റ്ഫോമായ ആമസോൺ വഴിയും ലഭ്യമാണ്.

- കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ പ്രവർത്തിച്ചു വരുന്ന ഭക്ഷ്യ സംസ്കരണശാലയിൽ പഴങ്ങളും പച്ചക്കറികളും സംസ്കരിച്ച് ഉപഭോക്താവിന്റെ ആവശ്യാനുസരണം വിവിധ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി നൽകുന്നു.

  കൂടുതൽ വിവരങ്ങൾക്കായി ബന്ധപ്പെടേണ്ട ഫോൺ നമ്പർ : **8547070773**

ഒപ്പ്/-

**പ്രൊഫസ്സർ & ഹെഡ്**